(ഡി) പുനരുദ്ധാരണ പാക്കേജ് പൂർണ്ണമായും നടപ്പിലാക്കുമ്പോൾ കെ.റ്റി.ഡി.എഫ്.സി.-ക്ക് നൽകാനുള്ള പ്രതിമാസ വായ്പാ തിരിച്ചടവ് 43 കോടി രൂപയിൽ നിന്നും 15-20 കോടി രൂപയായി കുറയുകയും കോർപ്പറേഷനിലെ പണമൊഴുക്ക് (fund flow) വർദ്ധിക്കുകയും ചെയ്യും. ആസ്തി മൂല്യം നിർണ്ണയിക്കുക വഴി കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിക്കുന്നതാണ്. സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഏർപ്പെടുത്തുക വഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സാധിക്കുകയും പെൻഷൻ വിതരണത്തിനായി കുറച്ച് തുക സ്വരൂപിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. വരുമാനം കുറഞ്ഞ സർവ്വീസുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കുക വഴി കോർപ്പറേഷന് അധിക വരുമാനം കണ്ടെത്താൻ കഴിയും. ടിക്കറ്റിതര വരുമാന വർദ്ധനവ് ഉദ്ദേശിച്ച് വിവിധ ഡിപ്പോകളിൽ നിർമ്മിക്കുന്ന ആധുനിക വാണിജ്യ സമുച്ചയങ്ങൾക്ക് ഒപ്പം മെച്ചപ്പെട്ട ഓഫീസ്, ബസ് സ്റ്റേഷൻ, യാത്രക്കാരുടെ വിശ്രമാദി സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ വിശ്രമ സങ്കേതങ്ങൾ

324 (326) <u>ശ്രീ. സി. മോയിൻ കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കാർക്ക് വിശ്രമ സൗകര്യത്തിനായി വിശ്രമ സങ്കേതങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ നിയന്ത്രണത്തിൽ നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ്;

(ബി) ഇതിന്റെ നിർമ്മാണത്തിനു വേണ്ട തുക ഗവൺമെന്റ് ആണോ വഹിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) യാത്രക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഗവൺമെന്റ് ചെലവിലെ വിശ്രമ സങ്കേതങ്ങൾ യാത്രക്കാർക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താനാവശ്യമായ അടിയന്തര നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാസർഗോഡ്, നിലമ്പൂർ, പയ്യന്നൂർ, കൽപ്പറ്റ, തൃശ്ശൂർ, കായംകുളം, തിരുവനന്തപുരം സിറ്റി, സുൽത്താൻ ബത്തേരി, താമരശ്ശേരി, തലശ്ശേരി, ചിറ്റൂർ, പൊന്നാനി, മണ്ണാർക്കാട്, വടക്കാഞ്ചേരി, ചേർത്തല, വിഴിഞ്ഞം, പാറശ്ശാല, മാള, ചാത്തന്നൂർ, വികാസ്ഭവൻ, കിളിമാനൂർ, ചടയമംഗലം, കാട്ടാക്കട, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, പാപ്പനംകോട്, പേരൂർക്കട, അടൂർ, വെള്ളനാട്,

LIBRARY ARCHIVES Kerala Legislative Assembly

ഇരിഞ്ഞാലക്കുട, ചാലക്കുടി, കോതമംഗലം, കുത്താട്ടുകുളം, കളത്തുപ്പുഴ എന്നീ ഡിപ്പോകളിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഇതിനുവേണ്ടി വന്ന ഉക സർക്കാർ വാർഷിക പദ്ധതി ഇനത്തിൽ ലഭ്യമാക്കിയതാണ്.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി) വിശ്രമ സങ്കേതങ്ങൾ യാത്രക്കാർക്ക് പൂർണ്ണമായും പ്രയോജന പ്പെടുത്തുന്നതിനുള്ള നിർദ്ദേശം യൂണിറ്റാഫീസർമാർക്ക് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് സംവിധാനത്തിലെ പ്രൊഫഷണലിസം

325 (327) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് സംവിധാനത്തിൽ പ്രൊഫഷണലിസം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി ഒരു കഴിവും പ്രകടിപ്പിക്കാതിരുന്നിട്ടും സീനിയോറിറ്റിയുടെ മാത്രം അടിസ്ഥാനത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തി സ്ഥാപനത്തിന് ബാദ്ധ്യതയായി തുടരുന്നവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) നിലവിൽ സ്ഥാപനത്തിന് വൻ നഷ്ടം വരുത്തിവയ്ക്കുന്ന പലിശച്ചെലവും മറ്റ് ധൂർത്തുകളും അനഭിലഷണീയ ട്രേഡ് യൂണിയൻ പ്രവർത്തനവും നിയന്ത്രിക്കാനും, മാനേജ്മെന്റും തൊഴിലാളികളും തമ്മിലെ ബന്ധം സുതാര്യമാക്കാനും ആവശ്യമായ നടപടി ഇതോടൊപ്പം സ്വീകരിക്കുമോ ?

ഉത്തരം

(എ) മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിവും, പ്രാഗത്ഭ്യവും തെളിയിച്ച ഒരു ഉദ്യോഗസ്ഥനെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറായി നിയമിച്ചത്. സാമ്പത്തിക മാനേജ്മെന്റ് പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly